ലേഖനം



# ശിശുദിന ചിന്തകൾ

നവംബർ 14 ശിശുദിനം. ഇവിടെ അബുദാബിയിലിരുന്ന് ശിശുദിനത്തെപ്പറ്റി ഓർക്കുമ്പോൾ എന്റെ ബാല്യകാലത്തെ, ജന്മനാടായ ഏരൂർ സ്കൂളിലെ ശിശുദിനമാണ് ഓർമ്മ വരുന്നത്. കുട്ടികളായ ഞങ്ങൾ കാത്തിരിക്കുന്ന ഒരു ദിവസമായിരുന്നു അത്. നേരത്തെ തന്നെ വർണ്ണപ്പേപ്പറുകൾ വാങ്ങി മുളങ്കമ്പിലൊട്ടിച്ച് കൊടിയാക്കി തയ്യാറാക്കി വച്ചിരിക്കും. നേരം വെളുക്കുമ്പോൾത്തന്നെ ഈ കൊടിയുമായി സ്കൂളിലേക്ക് ഓടും. അന്ന് ആഘോഷത്തിന്റെ ദിവസമാണ്. ക്ലാസ്സില്ല, ഹോംവർക്കില്ല, യൂണിഫോം ഇടേണ്ട. രാവിലെ തുടങ്ങും ഘോഷയാത്ര. അതു കഴിഞ്ഞാൽ വിവിധ കലാപരിപാടികൾ, മത്സരങ്ങൾ, മിഠായി വിതരണം, പായസവിതരണം ഇവയൊക്കെ കൂടി രസകരമായിരിക്കും ആ ദിവസം. സ്കൂളിലെ ഒരു കുട്ടിയെ ചാച്ചാ നെഹ്റുവായി അണിയിച്ചൊരുക്കും. ആ കുട്ടിയുടെ നേതൃത്വത്തിലായിരിക്കും ഘോഷയാത്ര നടത്തുന്നത്. പുറമേനിന്നും വരുന്ന വിശിഷ്ടാതിഥികൾ ശിശുദിനത്തെപ്പറ്റി പ്രസംഗിക്കും. ഇന്നിപ്പോൾ ഇങ്ങനെയൊക്കെ തന്നെയാണോ കുട്ടികൾ ശിശുദിനം ആഘോഷിക്കുന്നത് എന്നെനിക്ക് അറിഞ്ഞുകൂടാ.

18 വയസ്സിൽ താഴെയുള്ളവരാണല്ലോ കുട്ടികൾ എന്ന നിർവചനത്തിൽപ്പെടുന്നത്. അതായത് ശൈശവ, ബാല്യ, കൗമാരക്കാരായവർ ഈ വിഭാഗത്തിൽപ്പെടും. ഇവർ നമ്മുടെ ജനസംഖ്യയുടെ മൂന്നിലൊന്നിലധികം വരും.

വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന പ്രശസ്തമായ കൃതിയിൽ "വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളേ, ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ" എന്ന് കുട്ടികളെ വിശേഷിപ്പിക്കുന്നുണ്ട്. കുട്ടികളുടെ വാക്കുകളിൽ നിന്നും പ്രവർത്തികളിൽ നിന്നും മുതിർന്നവരായ നമുക്ക് പല പാഠങ്ങളും പഠിക്കാനുണ്ട്. നിഷ്കളങ്കരായ അവരുടെ ഭാവവും പെരുമാറ്റവുമൊക്കെ എത്ര മനോഹരമാണ്. പൂക്കളെപ്പോലെയാണ് കുഞ്ഞുങ്ങൾ എന്നാണല്ലോ പറയാറുള്ളത്. അവരെ നോക്കിയിരുന്നാൽ നമ്മുടെ ദുഃഖങ്ങളും പ്രയാസങ്ങളുമെല്ലാം അലിഞ്ഞലിഞ്ഞില്ലാതായിത്തീരും. നമ്മളെല്ലാവരും അവരെപ്പോലെയായിരിക്കണം എന്നതാവാം ദൈവത്തിന്റെ ആഗ്രഹം.

കുട്ടികളോടുള്ള സ്നേഹാഞ്ജലി അർപ്പിക്കുന്നതിനായാണ് ലോകമെമ്പാടും ശിശുദിനം ആചരിച്ചു വരുന്നത്. ഓരോ രാജ്യവും വ്യത്യസ്ത ദിവസങ്ങളിലാണ് ശിശുദിനം കൊണ്ടാടുന്നതെന്നു മാത്രം.

ഇന്ത്യയിൽ, നമ്മുടെ പ്രഥമ പ്രധാനമന്ത്രിയും രാഷ്ട്രശില്പിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി ആചരിക്കുന്നത്. കുട്ടികൾ നെഹ്റുവിന്റെ ഹൃദയത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു. അദ്ദേഹം അവരെ സ്നേഹവാത്സല്യങ്ങൾ കൊണ്ട് മൂടിയിരുന്നു. ഒരു ദിവസം ഒരു കുട്ടി ചാച്ചാജിയുടെ കോട്ടിൽ ഒരു റോസാപ്പൂ കുത്തിവച്ചതിനു ശേഷമാണ് അദ്ദേഹം ജീവിതാന്ത്യം വരെ കോട്ടിൽ റോസാപ്പൂ ചൂടിയിരുന്നത്.

കുട്ടികൾ ഒരു നാടിന്റെ അമൂല്യസമ്പത്താണ്. നാളത്തെ പൗരന്മാരായി അവരാണ് നാടിന്റെ ചുക്കാൻ പിടിക്കേണ്ടത്. കൂട്ടുകുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കേരളത്തിൽ കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വ്യക്തിത്വവികാസത്തിനും നമ്മുടെ മുത്തച്ഛന്മാരും മുത്തശ്ശിമാരും നിർവ്വഹിച്ചിരുന്ന പങ്ക് വളരെ മഹത്തരമായിരുന്നു. അതു മാത്രമല്ല, പുരാണേതിഹാസങ്ങളിലെയും പഞ്ചതന്ത്രകഥകളിലെയും അറബിക്കഥകളിലെയും മറ്റു നാടൻ കഥകളിലെയും സാരോപദേശങ്ങളും ഗുണപാഠങ്ങളുമൊക്കെ കുഞ്ഞുങ്ങൾക്ക് അവർ ചൊല്ലിക്കൊടുത്തിരുന്നു. ഇന്ന് അതിനൊക്കെ പകരമായി കുട്ടികൾ ആശ്രയിക്കുന്നത് ഇന്റർനെറ്റിനെയും, ടി.വി. സീരിയലുകളെയുമാണ്. കുട്ടികൾക്ക് നല്ല ദിശാബോധവും ഉപദേശവും നൽകി നേർവഴിക്ക് നടത്തേണ്ട പ്രായമാണ് കൗമാരം.



ഇപ്പോഴത്തെ മാതാപിതാക്കൾ ജോലിത്തിരക്കുമൂലം സമയക്കുറവുള്ളവരാണെങ്കിലും, അവർ കുട്ടികളോട് ആശയവിനിമയം നടത്തുന്നതിന് യാതൊരു ഉപേക്ഷയും കാണിക്കരുത്. കുട്ടികൾ വീട്ടിലുള്ള സമയം അവരോടൊത്ത് ചെലവഴിക്കാനും, അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും ശ്രദ്ധിക്കാനുമുള്ള സമയം കണ്ടെത്താനും, അവരുടെ പോക്കും വരവും നിരീക്ഷിക്കാനും, അവരുടെ കൂട്ടുകാർ ആരൊക്കെയാണെന്ന് മനസ്സിലാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ട സമയമാണിത്.

സമൂഹത്തിൽ തനിക്കു ചുറ്റും കാണുന്നതെല്ലാം, പ്രത്യേകിച്ച് മാതാപിതാക്കളുടെ പ്രവൃത്തികൾ ഒരു വീഡിയോ ഫിലിമിലേതെന്ന പോലെ മനസ്സിലേക്ക് ഒപ്പിയെടുക്കുകയും സൂക്ഷിക്കുകയും സ്വന്തം ജീവിതത്തിൽ അനുകരിക്കുകയും ചെയ്യുന്ന പ്രായമാണ് ബാല്യ-കൗമാര പ്രായം. ഇതിൽ നല്ലതേത്, ചീത്തയേത് എന്ന് അവർക്ക് തിരിച്ചറിയാൻ പറ്റില്ല. അതുകൊണ്ടുതന്നെ അവരുടെ ചുറ്റുപാടുകൾ നന്നായിരിക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തണം. മാതാപിതാക്കൾ, അദ്ധ്യാപകർ, മറ്റു മുതിർന്ന ബന്ധുക്കൾ, ഇവരൊക്കെ കുട്ടികളുടെ റോൾമോഡൽ ആകാൻ ശ്രമിക്കണം.

ധാർമ്മികമായി അപച്യുതി വന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. ഇന്ന് സമൂഹത്തിൽ നടക്കുന്ന അനീതിയും അക്രമങ്ങളുമൊക്കെ കണ്ടാണ് നമ്മുടെ കുട്ടികൾ വളരുന്നത് എന്നത് ദുഃഖകരമായ വസ്തുതയാണ്.

കുട്ടികളെ സന്മാർഗ്ഗചിന്തയോടെ, ധാർമ്മിക ചിന്തയോടെ നേർവഴിക്കു നടത്താനുള്ള ഉത്തരവാദിത്വം നാമെല്ലാം ഏറ്റെടുത്തേ മതിയാവൂ. ഈ ശിശുദിനത്തിൽ നമുക്ക് അതിനായി പ്രതിജ്ഞയെടുക്കാം.

കെ. മുരളീധരൻ